# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 9, വെള്ളി

**നമ്പർ 111**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 2018 ജനവരി 25-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 84-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം:

സംസ്ഥാന സർക്കാരിന് ഉള്ളതായി പറയപ്പെടുന്ന താല്പര്യക്കുറവുമൂലം ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽനിന്ന് ഡി.എം.ആർ.സി. പിൻമാറിയതിനാൽ ജനങ്ങൾക്കിടയിൽ ഉളവായിട്ടുള്ള ആശങ്ക സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. മുരളീധരനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് (എം) ഒഴികെയുള്ള പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

KNPP. 806/2018 (i).

ശ്രദ്ധ ക്ഷണിക്കൽ:

(1) മദ്ധ്യ കിഴക്കൻ രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ വെളിച്ചത്തിൽ പ്രവാസി മലയാളികൾക്കായുള്ള പുനരധിവാസ പദ്ധതികൾ ഊർജ്ജിത പ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. വി. അബ്ദുൾ ഖാദർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് ഭിന്നലിംഗക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. എം. കെ. മുനീർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു.

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. രാജൻ | എൽ.ഡി.സി.റാങ്ക് ലിസ്റ്റിന്റെ കാലാവധി | മുഖ്യമന്ത്രിയ്ക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | വളാഞ്ചേരി-വട്ടപ്പാറ റോഡപകടം | മുഖ്യമന്ത്രിയ്ക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 3 | ശ്രീ. കോവൂർ കുഞ്ഞുമോൻ | കുന്നത്തൂർ താലൂക്ക് ഓഫീസിലെ തസ്തികകൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. എസ്. ശിവകുമാർ | വലിയതുറയിൽ കടൽഭിത്തി പുനർ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ദാസൻ | വെളിയന്നൂർ ചില്ലിയിൽ നെൽ കൃഷി വികസനം | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. ജോൺ ഫെർണാണ്ടസ് | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് നവീകരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി ജില്ലയിലെ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഡി. കെ. മുരളി | മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാനുള്ള അനുവാദം:

പത്താം സമ്മേളന കാലയളവിൽ സഭയിൽ ഹാജരാകാതിരിക്കുന്നതിന് ചട്ടം 170 (1) അനുസരിച്ച് ശ്രീ. ടി. എ. അഹമ്മദ് കബീർ സമർപ്പിച്ച അപേക്ഷ സ്പീക്കർ സഭയിൽ വായിച്ചു. ഹാജരാകാതിരിക്കുന്നതിന് സഭ അനുവാദം നല്കി.

(പ്രസ്തുത ദിവസത്തേക്ക് നിശ്ചയിച്ചിരിക്കുന്ന ചട്ടം 300 പ്രകാരമുള്ള പ്രസ്താവന മാറ്റിവച്ചു)

I. അനൗദ്യോഗികാംഗങ്ങളുടെ കാര്യം :

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിച്ചു.

II. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(1) ശ്രീ. എസ്. രാജേന്ദ്രൻ അദ്ദേഹം നോട്ടീസ് നല്കിയ 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ഗതാഗത മന്ത്രിയ്ക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

[(i) കാര്യവിവരപ്പട്ടികയിൽ 6 (2) (ii) ആയി ഉൾപ്പെടുത്തിയിരുന്ന അനൗദ്യോഗിക ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കേണ്ട അംഗമായ ശ്രീ. കെ. സി. ജോസഫ് സഭയിൽ ഹാജരല്ലാതിരുന്നതിനാൽ പ്രമേയം അസാധുവായി. ബിൽ ലാപ്സായി.

(ii) കാര്യവിവരപട്ടികയിൽ ഇനം 6 (2) iii ആയി ഉൾപ്പെടുത്തിയിരുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ നോട്ടീസ്, നോട്ടീസ് നൽകിയ ശ്രീ. അൻവർ സാദത്ത് പിൻവലിച്ചു.]

(2) ശ്രീ. പി. ടി. തോമസ് അദ്ദേഹം നോട്ടീസ് നല്കിയ 2018-ലെ കേരള ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

III. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള തുടർ ചർച്ച:

(1) ശ്രീ. കെ. കൃഷ്ണൻകുട്ടി, 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

(2) ശ്രീമതി യു. പ്രതിഭ ഹരി, 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

[കാര്യവിവരപ്പട്ടികയിൽ 6(3) (i) ആയി കാണിച്ചിരുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം, പ്രമേയാവതാരകൻ ശ്രീ. ജെയിംസ് മാത്യു ഹാജരല്ലാത്തതിനാൽ അസാധുവായി].

2018 മാർച്ച് 12-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

(Brief Record of Proceedings )

*Friday, March 9, 2018*

**No.111**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Correction of answer to Starred Question:*

Statement correcting answer and the corrected answer to Starred Question No. 84 dated 25th January, 2018 of the Ninth session of the Fourteenth Kerala Legislative Assembly was laid on the table by the Minister for Labour and Excise, Shri T. P. Ramakrishnan.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri K. Muraleedhran and two other Members regarding the apprehension among the people that had arisen consequent to the withdrawal of the DMRC from the Light Metro Project implementation due to the reported disinterest of the State Government.

In protest against the attitude of the Government in this matter the Members belonging to the opposition except Kerala Congress (M) staged a walk out.

*Calling Attention:*

(1) Shri K. V. Abdul Khader called the attention of the Chief Minister to the necessity to make more effective the rehabilitation schemes for Non-Resident Keralites, in the light of the indigenisation drive in Middle East Countries. The Chief Minister made a statement thereto.

KNPP. 806/2018 (ii).

(2) Dr. M. K. Muneer called the attention of the Minister for Health and Social Justice to the necessity to enact law for solving the difficulties being faced by transgenders in the State. The Minister made a statement thereto.

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. രാജൻ | എൽ.ഡി.സി.റാങ്ക് ലിസ്റ്റിന്റെ കാലാവധി | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | വളാഞ്ചേരി-വട്ടപ്പാറ റോഡപകടം | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 3 | ശ്രീ. കോവൂർ കുഞ്ഞുമോൻ | കുന്നത്തൂർ താലൂക്ക് ഓഫീസിലെ തസ്തികകൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. എസ്. ശിവകുമാർ | വലിയതുറയിൽ കടൽഭിത്തി പുനർ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ദാസൻ | വെളിയന്നൂർ ചില്ലിയിൽ നെൽ കൃഷി വികസനം | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. ജോൺ ഫെർണാണ്ടസ് | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് നവീകരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി ജില്ലയിലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഡി. കെ. മുരളി | മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Leave of absence from sitting of the House:*

The Speaker read out the request received from Shri T. A. Ahammed Kabeer for leave of absence from the sittings of the Tenth Session as per Rule 170 (1). The House granted permission for absence.

(The Statement under Rule 300 posted for the day stood postponed)

*Private Members' Business:*

I. The Eleventh Report of the Committee on Private Members' Bills and Resolutions was adopted by the House.

II. Motion for Leave to introduce the following Bills:

(1) Shri S. Rajendran moved the motion for leave to introduce the Kerala Motor Vehicle Accident Victims' Emergency Relief Fund Bill, 2016 given notice of by him. Since the motion was opposed by the Minister for Revenue and Housing on behalf of Minister for Transport the mover was allowed to make a brief statement. The statement was inconclusive.

[(i) As Shri K. C. Joseph, who had given notice for motion for leave to introduce the bill mentioned in item 6(2) (ii) in the List of Business was absent the motion was lapsed.

(ii) Shri Anwar Sadath withdrew the notice for motion for leave to introduce the bill mentioned in item 6 (2) (iii) in the List of Business]

(2) Shri P. T. Thomas moved the motion for leave to introduce the Kerala I.T. Sector Workers Welfare Fund Board (Constitution ) Bill, 2018 given notice of by him. Since the motion was opposed by the Minister for Public Works and Registration on behalf of the Chief Minister, the mover was allowed to make a brief statement. The Statement was inconclusive.

III. Motion for leave to introduce the following Bills (Continued Discussion):

[The motion for leave to introduce the Private Member's Bill mentioned in the list of business as item 6 (3) (i) stood lapsed since the mover of the motion was absent].

(1) Shri K. Krishnankutty resumed the statement on the motion for leave to introduce the Kerala State Farmers Welfare Board Constitution Bill, 2017 given notice of by him. The Minister for Agriculture replied. The statement was inconclusive.

(2) Smt. U. Prathibha Hari resumed the statement on the motion for leave to introduce the Kerala Indigent Widows Welfare and Protection Assurance Bill, 2016 given notice of by her. The Minister for Agriculture replied on behalf of Minister for Health and Social Justice. The statement was inconclusive.

The House adjourned at 12.30 p.m. to meet again 8.30 a.m. on Monday, March 12, 2018.

V. K. Babu Prakash,

*Secretary.*